**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2019** **06-07-2022 - ൽ മറുപടിയ്ക്ക്**

**വീട്ടിൽ നിന്നും സ്വർണവും പണവും അപഹരിച്ചതായുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിൽ പോലീസ് കാവൽ ഉണ്ടായിരുന്ന വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണവും പണവും അപഹരിച്ചതായിട്ടുള്ള പരാതിയിൽ ക്രൈംബ്രാഞ്ച് പ്രത്യേക അന്വേഷണ സംഘം അന്നത്തെ പ്രൊബേഷണറി എസ്.ഐയെ പ്രതിയാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ച സംഭവവും ഇത് സംബന്ധിച്ച 18.06.2022-ലെ പത്രവാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത മുതലുകൾ എസ്.എച്ച്.ഒ.യോട് ചട്ടവിരുദ്ധമായി സൂക്ഷിക്കാൻ നിർദ്ദേശിച്ച അന്നത്തെ സി.ഐ.യ്ക്കെതിരെ അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | അന്വേഷണം നടത്തിയിരുന്നു . പ്രൊബേഷണറി എസ്.ഐ യ്ക്ക് ലഭിച്ച തുക ചട്ടവിരുദ്ധമായി സൂക്ഷിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പേരൂർക്കട എസ്. എച്ച്.ഒ യ്ക്ക് അന്നത്തെ സി.ഐ നല്കിയതായി ഒരു തെളിവും ലഭിച്ചിട്ടില്ല. |
| (സി) | നിലവിൽ സർവ്വീസിൽ നിന്നും വിരമിച്ച അന്നത്തെ പേരൂർക്കട സി.ഐ.യ്ക്കെതിരെ ടിയാൻ സർവ്വീസിൽ ആയിരുന്ന കാലത്ത് ഗുരുതര അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ ഉത്തരവ് പ്രകാരമാണ് ടിയാൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്നും ഏതൊക്കെ കുറ്റങ്ങളുടെ പേരിൽ ആണ് അച്ചടക്ക നടപടി നേരിട്ടത് എന്നും വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പേരൂർക്കട സി.ഐ ആയിരുന്ന ഉദ്യോഗസ്ഥനെതിരെ 1999 ൽ നടപടിക്രമങ്ങൾ പാലിക്കാതെ അശ്രദ്ധമായി കേസുകൾ കൈകാര്യം ചെയ്തതിന് A2(a) 38/PR/01 V നമ്പർ പ്രകാരവും അനധികൃതമായി അവധിയിൽ പ്രവേശിച്ചതിന് H1-PR/14/03 പ്രകാരവും വിജിലൻസ് ഉദ്യോഗസ്ഥരെ കസ്റ്റഡിയിൽ എടുത്തതിന് A2(a)14/PR/03/TR പ്രകാരം സസ്പെന്റ് ചെയ്തും അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സ്വന്തം അഴിമതി കേസ് അന്വേഷിക്കാൻ വന്ന വിജിലൻസ് ഉദ്യോഗസ്ഥരെ കസ്റ്റഡിയിലെടുത്തതിന് ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ഡി) | (സി) യിൽ ചേർത്തിരിക്കുന്നു. |
| (ഇ) | സർവ്വീസിലുള്ള കാലത്ത് അച്ചടക്കലംഘനം നടത്തിയതിന് ശിക്ഷണനടപടികൾ | (ഇ) | പ്രസ്തുത വിഷയത്തിൽ ക്രൈംബ്രാഞ്ച് ഡി.വൈ. എസ്.പി അന്വേഷണം നടത്തി ക്രൈംബ്രാഞ്ച് |

| | | | |
|---|---|---|---|
| | ഏറ്റുവാങ്ങിയതും കളങ്കിത പശ്ചാത്തലമുള്ളതുമായ പ്രസ്തുത ഉദ്യോഗസ്ഥന്റെ ഈ കേസിലെ പങ്ക് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | എ.ഡി.ജി.പിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധനയിലാണ്. |
| (എഫ്) | ഈ കേസിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിന് അന്വേഷണത്തിനായി മുതിർന്ന ഐ.പി.എസ്. ഉദ്യോഗസ്ഥനെ നിയോഗിക്കുമോ; വിശദാംശം നൽകുമോ? | (എഫ്) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ